**കേരള സർക്കാർ**

**സംഗ്രഹം**

സൈനിക ക്ഷേമ വകുപ്പ്- സൈനിക സേവനത്തിനിടെ 03.12.2019 ൽ മരണപ്പെട്ട അഖിൽ.എസ്.എസ് -ന്റെ ഭാര്യ ശ്രീമതി.ഗീതു.എസ്.ബി-യ്ക്ക് തിരുവനന്തപുരം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ തൊഴിൽ സഹായം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സൈനിക ക്ഷേമ വകുപ്പ്**

**സ.ഉ.(കൈ) നം.14/2021/സൈ.ക്ഷേ.വ. തീയതി, തിരുവനന്തപുരം :21.10.2021**

പരാമർശം:- 1. ശ്രീമതി.ഗീതു.എസ്.ബി -യുടെ 21.04.2021 ലെ അപേക്ഷ.
2. സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ-ഇൻ-ചാർജ്ജ്-ന്റെ 13.07.2021 തീയതിയിലെ C2/186/2021-DSW നമ്പർ കത്ത്.

## <u>ഉത്തരവ്</u>

1. ഓപ്പറേഷണൽ ഏര്യായിലോ/ ഫീൽഡ് ഏര്യായിലോ വച്ച് High Altitude കാരണമോ, മോശമായ കാലാവസ്ഥ മൂലമോ, ഓപ്പറേഷണൽ ഏര്യായിലോ/ ഫീൽഡ് ഏര്യായിലോ വച്ചുണ്ടാകുന്ന മൈൻ സ്ഫോടനം, കെണി, വാഹനാപകടം മുതലായവയിലോ കൊല്ലപ്പെടുന്ന /കാണാതാകുന്ന/ അംഗഭംഗം സംഭവിക്കുന്ന, സൈനികന്റെ ഒരാശ്രിതന് / ആശ്രിതയ്ക്ക് 29.04.2002 ലെ സ.ഉ (പി) 110/02/പൊ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാന സർക്കാർ വകുപ്പുകളിൽ തൊഴിൽ സഹായത്തിന് അർഹതയുള്ളതാണ്.

2. സൈനിക സേവനത്തിനിടെ 03.12.2019 ൽ ജമ്മുകാശ്മീരിൽ വച്ച് മരണപ്പെട്ട അഖിൽ.എസ്.എസ് -ന്റെ ഭാര്യ ശ്രീമതി.ഗീതു.എസ്.ബി പ്രസ്തുത ഉത്തരവ് പ്രകാരം തൊഴിൽ സഹായം ലഭിക്കുന്നതിന് പരാമർശം 1 പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി.

3. തൊഴിൽ സഹായം സംബന്ധിച്ച നിലവിലെ വ്യവസ്ഥകൾ പ്രകാരം അപേക്ഷകയ്ക്ക് തൊഴിൽ സഹായത്തിന് അർഹതയുള്ളതാണെന്ന് സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. സർക്കാർ ഈ വിഷയം പരിശോധിച്ചു. അപേക്ഷകയുടെ ഭർത്താവായ അഖിൽ.എസ്.എസ് -ന്റെ മരണം ജമ്മുകാശ്മീരിലെ ഫീൽഡ് ഏര്യായിൽ ഉൾപ്പെടുന്ന High Altitude Area -ൽ സംഭവിച്ചതാണെന്നും സൈനിക സേവനത്തിനിടെ ശക്തമായ ഹിമപാതവും കൊടുങ്കാറ്റും കാരണമുണ്ടായ severe

hypothermia ആണ് മരണ കാരണമെന്നും ആയത് ആട്രിബ്യൂട്ടബിൾ ടു മിലിട്ടറി സർവ്വീസ് (ബാറ്റിൽ കാഷ്വാലിറ്റി) ആണെന്നും ആർമി മെഡിക്കൽ കോർപ്സ് -ന്റെ സീനിയർ റെക്കോർഡ്സ് ആഫീസർ ആട്രിബ്യൂട്ടബിലിറ്റി സർട്ടിഫിക്കറ്റിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

5. അപേക്ഷകയുടെ ജനനത്തീയതി 25.02.1995 ആണ്. സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയാണ് ടിയാൾ നിയമനത്തിനായി തെരഞ്ഞെടുത്തിട്ടുള്ളത്. എന്നാൽ തൊഴിൽ സഹായം സംബന്ധിച്ച 29.04.2002 ലെ സ.ഉ(പി) 110/2002/പൊ.ഭ.വ നമ്പർ ഉത്തരവിലെ Clause 5 (ii) പ്രകാരം സബോർഡിനേറ്റ് സർവ്വീസിലെ അഥവാ ലാസ്റ്റ് ഗ്രേഡ് സർവ്വീസിലെ അഥവാ പാർട്ട് ടൈം കണ്ടിജന്റ് സർവ്വീസിലെ Class III /IV ലെ Lowest Grade ലാണ് തൊഴിൽ സഹായത്തിന് അർഹതയുള്ളത്.

6. ഈ സാഹചര്യത്തിൽ സൈനിക സേവനത്തിനിടെ മരണപ്പെട്ട അഖിൽ.എസ്.എസ് -ന്റെ ഭാര്യ ശ്രീമതി.ഗീതു.എസ്.ബി, ശിവശൈലം, പൂവച്ചൽ (പി.ഒ), വീരണകാവ് വില്ലേജ്, കാട്ടാക്കട താലൂക്ക്, തിരുവനന്തപുരം ജില്ല –695575-യ്ക്ക് ടി വ്യക്തി തൊഴിൽ സഹായത്തിനായി തെരഞ്ഞെടുത്തിട്ടുള്ള തിരുവനന്തപുരം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ തൊഴിൽ സഹായം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

7. തിരുവനന്തപുരം ജില്ലയിൽ ക്ലാർക്കിന്റെ ഒഴിവ് റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് നിയമന ഉത്തരവ് നൽകുന്നതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ഡോ.രാജു നാരായണ സ്വാമി.ഐ.എ.എസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

പകർപ്പ്-

1. ശ്രീമതി.ഗീതു.എസ്.ബി, ശിവശൈലം, പൂവച്ചൽ (പി.ഒ), വീരണകാവ് വില്ലേജ്, കാട്ടാക്കട താലൂക്ക്, തിരുവനന്തപുരം ജില്ല-695575 (Regd post with A/D)
2. ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്. തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
5. പൊതുഭരണ (എസ്.സി) വകുപ്പ് (20.10.2021-ാം തീയതിയിലെ ഇനം നമ്പർ 323 പ്രകാരം)
6. ജില്ലാ കളക്ടർ, തിരുവനന്തപുരം
7. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 20-10-2021

ഫയൽ നം. SW2/68/2021/സൈ.ക്ഷേ.വ. ഇനം നം: 323

വിഷയം : സൈനികക്ഷേമ വകുപ്പ് - സൈനിക സേവനത്തിനിടെ 03.12.2019-ൽ ജമ്മു-കാശ്മീരിൽ വച്ച് മരണപ്പെട്ട അഖിൽ എസ്. എസ്.-ന്റെ ഭാര്യ ശ്രീമതി. ഗീതു എസ്. ബി.-യ്ക്ക് തൊഴിൽ സഹായം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, സൈനികക്ഷേമ വകുപ്പ്.

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1. ഫയൽ നമ്പർ | : | **SW2/68/2021/സൈ.ക്ഷേ.വ** |
| 2. വകുപ്പ് | : | **സൈനിക ക്ഷേമ വകുപ്പ്** |
| 3. വിഷയം | : | സൈനിക സേവനത്തിനിടെ 03.12.2019 ൽ ജമ്മുകാശ്മീരിൽ വച്ച് മരണപ്പെട്ട അഖിൽ.എസ്.എസ് -ന്റെ ഭാര്യ ശ്രീമതി.ഗീതു.എസ്.ബി-യ്ക്ക് തൊഴിൽ സഹായം നൽകുന്നത് -സംബന്ധിച്ച്. |
| 4. മന്ത്രിസഭാ യോഗത്തിനു സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | **17.09.2021** |
| 5. (i) ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ ? | : | **അതെ .** |
| (ii) സാമ്പത്തിക' ബാദ്ധ്യത ഉള്ളതാണെങ്കിൽ ധനവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | **ഇല്ല .** തൊഴിൽ സഹായം നൽകുന്നതുമൂലം സാമ്പത്തിക ബാദ്ധ്യത ഉണ്ടാവുമെങ്കിലും അനുവദനീയ തസ്തികയിലായിരിക്കും നിയമനം എന്നതിനാൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടില്ല |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | **ഇല്ല** |
| 7. കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | **ശ്രീ.സുകമാരൻ.എൻ** |
| 8. കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | **ഡോ.രാജു നാരായണസ്വാമി** |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | **5.10.2021** |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | **ഡോ.വി.പി.ജോയ്** |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | **11.10.2021** |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | **ശ്രീ. പിണറായി വിജയൻ** |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മുഖ്യമന്ത്രി അംഗീകരിച്ച തീയതി | : | **15.10.2021** |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | **18.10.2021** |
| 15. മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പരും തീയതിയും | : | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1. സൈനിക സേവനത്തിനിടെ 03.12.2019 ൽ ജമ്മുകാശ്മീരിൽ വച്ച് മരണപ്പെട്ട അഖിൽ.എസ്.എസ് -ന്റെ ഭാര്യ ശ്രീമതി.ഗീതു.എസ്.ബി-യ്ക്ക് തൊഴിൽ സഹായം നൽകുന്നതുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്.

2. 29.04.2002 ലെ സ.ഉ(പി) 110/2002/പൊ.ഭ.വ പ്രകാരം ഓപ്പറേഷണൽ ഏര്യായിലോ ഫിൽഡ് ഏര്യായിലോ വച്ച് High Altitude കാരണമോ, മോശമായ കാലാവസ്ഥ മൂലമോ, ഓപ്പറേഷണൽ ഏര്യായിലോ ഫിൽഡ് ഏര്യായിലോ വച്ചുണ്ടാകുന്ന മൈൻ സ്ഫോടനം, കെണി, വാഹനാപകടം മുതലായവയിലോ കൊല്ലപ്പെടുന്ന / കാണാതാകുന്ന / അംഗഭംഗം സംഭവിക്കുന്ന സൈനികന്റെ ഒരു ആശ്രിതന് സംസ്ഥാന സർക്കാർ വകുപ്പുകളിൽ തൊഴിൽ സഹായത്തിന് അർഹതയുള്ളതാണ്.

3. പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം തൊഴിൽ സഹായം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് മരണപ്പെട്ട അഖിൽ.എസ്.എസ്-ന്റെ ഭാര്യ ശ്രീമതി.ഗീതു.എസ്.ബി അപേക്ഷ സമർപ്പിച്ചു. അഖിൽ.എസ്.എസ്-ന്റെ മരണം ജമ്മുകാശ്മീരിലെ ഫീൽഡ് ഏര്യായിൽ ഉൾപ്പെടുന്ന High Altitude Area -ൽ സംഭവിച്ചതാണെന്നും സൈനിക സേവനത്തിനിടെ ശക്തമായ ഹിമപാതവും കൊടുങ്കാറ്റും കാരണമുണ്ടായ severe hypothermia ആണ് മരണകാരണമെന്നും ആയത് "Attributable to Military Service (Battle Casualty") ആണെന്നും ആർമി മെഡിക്കൽ കോർപ്പ്സ്- ന്റെ സീനിയർ റെക്കാർഡ്സ് ആഫീസർ ആട്രിബ്യൂട്ടബിലിറ്റി സർട്ടിഫിക്കറ്റിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. തൊഴിൽ സഹായം സംബന്ധിച്ച നിലവിലെ വ്യവസ്ഥകൾ പ്രകാരം അപേക്ഷകയ്ക്ക് തൊഴിൽ സഹായത്തിന് അർഹതയുള്ളതാണെന്ന് സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(........2)

4. അപേക്ഷകയായ ശ്രീമതി.ഗീതു.എസ്.ബി യുടെ ജനനത്തീയതി 25.02.1995 ആണ്. ടി വ്യക്തി ബിരുദാനന്തര ബിരുദധാരിയുമാണ്. സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയാണ് നിയമനത്തിനായി തെരഞ്ഞെടുത്തിട്ടുള്ളത്.

5. തൊഴിൽ സഹായം സംബന്ധിച്ച 29.04.2002 ലെ സ.ഉ(പി) 110/2002/പൊ.ഭ.വ നമ്പർ ഉത്തരവിലെ Clause 5 (ii) പ്രകാരം സബോർഡിനേറ്റ് സർവ്വീസിലെ അഥവാ ലാസ്റ്റ് ഗ്രേഡ് സർവ്വീസിലെ അഥവാ പാർട്ട് ടൈം കണ്ടിജന്റ് സർവ്വീസിലെ Class III /IV ലെ Lowest Grade ലാണ് തൊഴിൽ സഹായത്തിന് അർഹതയുള്ളത്. സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തിക Class III ലെ Lowest Grade അല്ലാത്തതിനാൽ തൊഴിൽ സഹായ പദ്ധതി പ്രകാരം സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് നിയമനം നൽകാനാകില്ല.

6. ഈ സാഹചര്യത്തിൽ തൊഴിൽ സഹായം സംബന്ധിച്ച ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ശ്രീമതി.ഗീതു.എസ്.ബി-യ്ക്ക് ഏതെങ്കിലും സർക്കാർ വകുപ്പിൽ തിരുവനന്തപുരം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ തൊഴിൽ സഹായം നൽകാവുന്നതാണോ എന്നത് സംബന്ധിച്ച ഉത്തരവുകൾക്കായി ഫയൽ ബഹു.മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചിരുന്നു. ആയത് മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവിട്ടു.

(.......3)

## തീരുമാനിക്കേണ്ട വിഷയം

03.12.2019 ൽ ജമ്മുകാശ്മീരിൽ സൈനിക സേവനത്തിനിടെ മരണപ്പെട്ട അഖിൽ.എസ്.എസ്-ന്റെ ഭാര്യ , തിരുവനന്തപുരം ജില്ലയിൽ, കാട്ടാക്കട താലൂക്കിൽ, വീരണകാവ് വില്ലേജിൽ, പൂവച്ചൽ (പി.ഒ), ശിവശൈലത്തിൽ ശ്രീമതി.ഗീതു.എസ്.ബി -യ്ക്ക് 29.04.2002 ലെ സ.ഉ(പി) 110/2002/പൊ.ഭ.വ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം തിരുവനന്തപുരം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ തൊഴിൽ സഹായം നൽകാവുന്നതാണോ ?